# നാടിനെ വിറപ്പിച്ച തമിഴ് നാട്ടിൽ നിന്നുള്ള കുപ്രസിദ്ധ കവർച്ചാസംഘം അറസ്റ്റിൽ

മദ്ധ്യകേരളത്തിലെ എറണാകുളം, ഇടുക്കി, കോട്ടയം തൃശ്ശൂർ ജില്ലകളിലിൽ കല്ലുകൊത്തുന്ന വരാണെന്നുള്ള വ്യാജേന കറങ്ങി നടന്ന് രാത്രി കാലങ്ങളിൽ വീടിൻെറ പിൻ വാതിൽ കുത്തി തുറന്നും ഉറക്കമുണരുന്ന വീട്ടുകാരെ ആക്രമിച്ചും മോഷണം നടത്തി പൊതുജനങ്ങളിൽ ഭീതി പരത്തിയ വൻ മോഷണ സംഘത്തിലെ പ്രധാനികളായ തമിഴ് നാട് തേനി ജില്ലയിലെ കാമാക്ഷിപുരം സ്വദേശികളായ കൃഷ്ണൻ @ സുന്ദരൻ @ വിഷ്ണുകുട്ടി വയസ്സ് 42, സഹോദരൻ പാണ്ഡ്യൻ @ സന്തോഷ് പാണ്ഡ്യൻ വയസ്സ് 35 S/O അയ്യപ്പൻ കാമാക്ഷിപുരം വടക്ക് തെരുവ്, രാജേന്ദ്രൻ വയസ്സ് 58, S/O പെരിയസാമി അളകാപുരി കോളനി എന്നിവരെയാണ് എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി ശ്രീ.A.V ജോർജ്ജ് IPS ൻെറ നിർദ്ദേശാനുസരണം പെരുമ്പാവൂർ D.Y.S.P ശ്രീ. K.S സുദർശനൻെറ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണസംഘം തമിഴ് നാട്ടിൽ നിന്നും അറസ്റ്റ് ചെയ്തത്.

സമീപ കാലത്ത് പെരുമ്പാവൂർ മേഖലയിൽ ആൾതാമസമുള്ള വീടുകളിൽ പിൻവാതിൽ പൊളിച്ച് അകത്ത് കയറി ഉറങ്ങിക്കിടക്കുന്നവരെ ആക്രമിച്ച് മോഷണം നടത്തിയ സംഭവങ്ങൾ ആവർത്തിച്ചിരുന്നു. പെരുമ്പാവൂർ അല്ലപ്രയിൽ രണ്ടാഴ്ച മുമ്പ് അജയ് വിൽസൺ എന്നയാളുടെ വീട്ടിൽ നടന്ന മോഷണത്തിൽ പ്രതികളായ മൂന്നുപേരുടെ വ്യക്തമായ CCTV ദൃശ്യങ്ങൾ പോലീസിന് ലഭിച്ചിരുന്നു. തൊട്ടടുത്ത ദിവസം തടിയിട്ടപറമ്പ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഉറങ്ങിക്കിടന്ന സ്ത്രീയെ ആക്രമിച്ച് അഞ്ചര പവൻെറ ആഭരണങ്ങളും അറുപതിനായിരം രൂപയും മോഷണം ചെയ്ത സംഭവത്തിലും പോലീസിന് മേൽ പ്രതികളുടെ CCTV ദൃശ്യങ്ങൾ ലഭിച്ചിരുന്നു.

പൊതുജനങ്ങളെ ഭീതിയിലാഴ്ത്തി പോലീസിന് വെല്ലുവിളി ഉയർത്തിയ ഈ തസ്കരസംഘത്തിനെ പിടികൂടുന്നതിനായി പെരുമ്പാവൂർ സർക്കിൾ ഇൻസ്പെക്ടർ

ബൈജു പൗലോസിൻെറയും സബ് ഇൻസ്പെക്ടർ P. A ഫൈസലിൻെറയും ഷാഡോ ASI K.A ജോയിയുടെയും നേതൃത്വത്തിലുള്ള പോലീസ് സംഘം എറണാകുളം, ഇടുക്കി, തമിഴ് നാട്ടിലെ ശിവഗംഗ, തേനി എന്നീ സ്ഥലങ്ങളിൽ തുടർച്ചയായി നടത്തിയ അന്വേഷണത്തിന് ഒടുവിലാണ് ഇവരെ അറസ്റ്റ് ചെയ്തത്. ഷാഡോ പോലീസിലെ അംഗങ്ങളായ A.S.I K.A ജോയിയും ശ്യാമും ഒരാഴ്ചക്കാലം CCTV ദൃശ്യങ്ങളുമായി തമിഴ്നാട്ടിൽ വിൻറ് മിൽ ടെക്നീഷ്യൻമാരാണ് എന്ന വ്യാജേന ക്യാംമ്പ് ചെയ്ത് നടത്തിയ രഹസ്യാന്വേഷണത്തിന് ഒടുവിലാണ് പ്രതികളുടെ താമസസ്ഥലത്തെക്കുറിച്ച് വ്യക്തമായ സൂചന ലഭിച്ചത്. തുടർന്ന് പെരുമ്പാവൂർ C.I യുടെയും S.I യുടെയും നേതൃത്വത്തിൽ ASI പോൾ സീനിയർ സിവിൽ പോലീസുകാരായ രാജേന്ദ്രൻ, ദിലീപ്കുമാർ, അനൂപ് ഷാഡോ പോലീസിലെ ASI മാരായ K.A ജോയി, സജീവ് ചന്ദ്രൻ സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ രാജേഷ്, സിവിൽ പോലീസ് ഓഫീസർമാരായ ശ്യാംകുമാർ, മനോജ്, അഖിൽ, മുഹമ്മദ്, രഞ്ജിത്ത് എന്നിവരുൾപ്പെടുന്ന വൻ പോലീസ് സംഘം തമിഴ്നാട്ടിലെത്തി ബലം പ്രയോഗിച്ച് പ്രതികളെ കസ്റ്റഡിയിൽ എടുക്കുകയായിരുന്നു.

പ്രതികളെ വിശദമായി ചോദ്യം ചെയ്തതിൽ വെങ്ങോല സ്വദേശിയായ അജയ് വിൽസൺ എന്നയാളുടെ വീട്ടിൻെറ പിൻ വാതിൽ തകർത്ത് അകത്ത് കയറി മോഷണം നടത്തിയതും പെരുമ്പാവൂർ മാർബിൾ ജംഗ്ഷൻ ഭാഗത്ത് അബ്രാഹമിൻെറ വീടിൻെറ പിൻ വാതിൽ തകർത്ത് അകത്ത് കയറി മോഷണം നടത്തിയതും തടിയിട്ടപറമ്പ് അമ്പുനാട് ഭാഗത്ത് വത്സയുടെ വീടിൻെറ പിൻ വാതിൽ തകർത്ത് അകത്ത് കയറി അവരെ ആക്രമിച്ച് അഞ്ചര പവൻെറ ആഭരണങ്ങളും അറുപതിനായിരം രൂപയും മോഷണം നടത്തിയതും ഇവരാണെന്ന് തെളിഞ്ഞിട്ടുണ്ട്.

തമിഴ് നാട്ടിലെ വിവിധ സ്ഥലങ്ങളിൽ മാറി മാറി താമസിക്കുന്ന ഇവരുടെ കുടുംബത്തിന് ഒട്ടേറെ സ്ഥലങ്ങളിൽ ഭൂസ്വത്തുള്ളതായി അറിവായിട്ടുണ്ട് . പ്രതികളിൽ സഹോദരങ്ങളായ പാണ്ഡ്യനെയും കൃഷ്ണനെയും കേരളത്തിലെയും തമിഴ്നാട്ടിലെയും വിവിധ കോടതികൾ പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ചിട്ടുണ്ട്.

കൃഷ്ണനെതിരെ തൃശ്ശൂർ ജില്ലയിലെ ചേർപ്പ്, എറണാകുളം ജില്ലയിലെ കളമശ്ശേരി തൃപ്പൂണിത്തുറ, എറണാകുളം ടൗൺ നോർത്ത്, അങ്കമാലി, കുന്നത്തുനാട് , മൂവാറ്റുപുഴ, കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട, പാല, ഇടുക്കി ജില്ലയിലെ കാളിയാർ എന്നിവിടങ്ങളിൽ 23 ഭവനഭേദന മോഷണകേസ്സുകളുള്ളതായും 75 പവൻ സ്വർണ്ണാഭരണങ്ങളും മൂന്നുലക്ഷത്തോളം രൂപയും മോഷണം ചെയ്തതായും അറിവായിട്ടുണ്ട്.

പകൽ സമയങ്ങളിൽ വിവിധ ജോലികൾ ചെയ്യുന്നതിനായി കറങ്ങി നടന്ന് മോഷണം നടത്തേണ്ട വീട് കണ്ടെത്തിയാൽ പൂട്ട് പൊളിക്കുന്നതിൽ വിദഗ്ധനായ തിരുട്ടുഗ്രാമത്തിലെ **“പൂട്ട് രാജേന്ദ്രന്റെ”** സേവനം സഹോദരങ്ങളായ മോഷ്ടാക്കൾ പ്രത്യേകം ആവശ്യപ്പെടുകയും നാട്ടിലെത്തി കൂട്ടികൊണ്ടുവരികയും ചെയ്യും. തൊട്ടടുത്ത ഏതെങ്കിലും മദ്യഷാപ്പുകളിൽ നിന്നും മദ്യപിച്ച് സമീപമുള്ള തീയറ്ററുകളിലെ സെക്കൻറ് ഷോ തമിഴ് സിനിമ കണ്ടതിനുശേഷമാണ് സംഘം മോഷണത്തിനായി ഇറങ്ങുന്നത്. ആൾതാമസം ഉള്ളതും ഇല്ലാത്തതുമായ വീടുകളുടെ പിൻഭാഗം വേണ്ടത്ര ഉറപ്പ് ഇല്ലാത്തതാണെന്ന് അറിയാവുന്ന സംഘം അശ്രദ്ധമായി വീടിന്റെ പുറം ഭാഗത്ത് വച്ചിരിക്കുന്ന വിവിധ തരം ആയുധസാമാഗ്രഹികളാണ് വാതിൽ തകർത്ത് അകത്ത് കയറുന്നതിനായി ഉപയോഗിക്കുന്നത്. കുടുംബാംഗങ്ങൾ ഉറക്കം ഉണർന്നാൽ നല്ല ഉയരവും ആരോഗ്യവുമുള്ള ഇവർ ആയുധം കാണിച്ച് ഭീഷണിപ്പെടുത്തിയും എതിർക്കാൻ വന്നാൽ ആക്രമിച്ച് കീഴ് പ്പെടുത്തിയുമാണ് മോഷണം നടത്തുന്നത്. തുടർന്ന് പുറത്തിറങ്ങുന്ന സംഘം കുറച്ചകലെയുള്ള ഏതെങ്കിലും കുറ്റിച്ചെടികൾക്ക് ഇടയിലൊ പണി പൂർത്തിയാക്കാത്ത കെട്ടിടങ്ങളിലൊ മറഞ്ഞിരുന്ന് പുലർച്ചെയുള്ള ബസ്സുകളിൽ കയറി മോഷണ മുതലുമായി നാട്ടിലേക്ക് പോകുകയാണ് പതിവ്. പിടിക്കപ്പെടുമ്പോൾ മേൽവിലാസം മാറ്റിപ്പറയുന്നത് ഇവരുടെ രീതിയാണ്. മോഷണം നടന്ന പല സ്ഥലങ്ങളിലും നിന്ന് ഇവരുടെ വിരലടയാളം ലഭിച്ചിട്ടുണ്ട്. എട്ടുവർഷമായി കേരളത്തിൽ ഉള്ള ഇവർ വിവിധ ജില്ലകളിൽ മോഷണം നടത്തിയിട്ടുള്ളതായി പോലീസ് സംശയിക്കുന്നു. കൂടുതൽ അന്വേഷണത്തിനായി പ്രതികളെ

കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യുന്നുണ്ട്. ഇവരുടെ മുൻകേസ്സുകളിലെ കൂട്ടു പ്രതികളായ ആറോളം മോഷ്ടക്കളുടെ വിവരങ്ങളും പോലീസിന് ലഭ്യമായിട്ടുണ്ട്. ഹൈറെസല്യൂഷൻ ക്യാമറകൾ വീടുകളിൽ സ്ഥാപിച്ചതുകൊണ്ടും മോഷ്ടക്കളുടെ ദൃശ്യങ്ങൾ CCTV ക്യാമറകളിൽ പതിഞ്ഞതുകൊണ്ടുമാണ് ഇത്ര വേഗം പ്രതികളെ പിടികൂടാൻ സാധിച്ചതെന്ന് പോലീസ് അറിയിച്ചു. അന്വേഷണസംഘത്തിന് റിവാർഡ് നൽകുമെന്ന് എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. A.V ജോർജ്ജ് IPS അവർകൾ അറിയിച്ചിട്ടുണ്ട്.